




# Gurudarshanam



VOL XXVI ISSUE 8 September 2015

# പ്രകാശമാനമായ "ഞാൻ", പ്രകാശരഹിതമായ "ഞാൻ"

**ഉദയഭാനു പണിക്കർ**

ആരാണോ സർവ്വകാമങ്ങളും വെടിഞ്ഞ്, ആശയും മമതയും അഹങ്കാരവും കൂടാതെ വർത്തിക്കുന്നത് ആ വ്യക്തി ശ്വാശ്വതമായ ശാന്തി അനുഭവിക്കുന്നു. അങ്ങനെയുള്ളവരാണ് യോഗികൾ. പരമമായ ശാന്തി അനുഭവിക്കുന്ന ഒരു യോഗി വളരെ പക്വതയുള്ള വ്യക്തിത്വം ആയിരിക്കും. അവർ മാനസ്സികമായും ബുദ്ധിപരമായും കാമരാഗക്രോധങ്ങളുടെ മേൽ വിജയം വരിച്ചവരായിരിക്കും. അങ്ങനെയുള്ളവർ സദാ പ്രസന്നരും ആയിരിക്കും. അഹന്തയും മമതയും അല്പംപോലും ഇല്ലാത്ത അവരുടെ ബുദ്ധി, സ്വച്ഛവും നിർമ്മലവും ആയിരിക്കും. കാമക്രോധാദികൾക്കു കാരണമായ അഹന്തയും മമതയും അവരിൽ കണികപോലും കാണില്ല. സകലവിധമായ ദുഃഖങ്ങൾക്കും കാരണം ഇവയാണ്. ഇവയെ മുഴുവനായും ത്യജിക്കുക എന്നതാണ് സന്യാസം. സന്യാസികൾ തന്നെയാണു യോഗികൾ. അവർ ജീവസന്ധാരണത്തിനുവേണ്ട വസ്തുക്കള് ഉപയോഗിക്കും എങ്കിലും അവയിൽ അഭിലാഷം അശേഷം ഇല്ലായിരിക്കും. തന്റെ, അതായത് ജീവാത്മാവിന്റെ താൽക്കാലിക വാസസ്ഥാനവും വാഹനവുമായ ശരീരത്തിനുള്ള ഇന്ധനം ആയി അവയെ ഉപയോഗിക്കുക മാത്രമാണവർ ചെയ്യുക. സംസാര സുഖദുഃഖങ്ങളോ സ്നേഹബഹുമാന പ്രകടനങ്ങളോ അവരിൽ ഒരു വ്യതിയാനവും വരുത്തുകയില്ല. സർവ്വദാ നിസംഗരായിരിക്കുന്ന അവർ സദാ ആനന്ദമൂർത്തികളാണ്. അതായത് "ശിവഹോം", എന്നതാണവരുടെ സ്ഥിതി. അതു മാത്രമാണവരിൽ ഉള്ളത്. ആ അവസ്ഥയാണ് "ബ്രഹ്മനിഷ്ട". അവരുടെ കർമ്മങ്ങളെല്ലാം തന്നെ ജനങ്ങൾക്ക് ഗുണദായിനികളും ആയിരിക്കും. ഇങ്ങനെ ഉള്ളവർക്ക്, ലൗകിക സുഖദുഃഖങ്ങളും മമതാ ബന്ധങ്ങളും അശ്ലേഷം ഉണ്ടാകയില്ല മറ്റുള്ളവർക്ക് ഇവയെല്ലാം ഉണ്ടായിരിക്കും. ഇക്കാലത്ത് സ്വയം സ്വാമി ചമഞ്ഞു നടക്കുന്നവർക്കെല്ലാം ഇങ്ങനെയുള്ള സുഖലോലുപത്വവും മമതാബന്ധങ്ങളും ഉണ്ട്. ഇവ ഉള്ളതിനാൽ അവരുടെ ശരീരവും മനസ്സും അവരെ അഹന്തയിലേക്കു നയിക്കും. അതോടൊപ്പം അവരുടെ ആന്തരികമായ വ്യവഹാരങ്ങളും അഹന്തയ്ക്ക് ആക്കം കൂട്ടും.

"ഒന്നി"ൽ നിന്നും (ഏകത്വത്തില് നിന്നും) അനേകമായി പിരിഞ്ഞു നിൽക്കുന്ന, ജീവാത്മാക്കളുടെ വാസസ്ഥാനം ആയ ശരീരം നശിച്ചു പോകുന്ന സ്വഭാവമുള്ളതാണ്. നമ്മിലെ "ഞാൻ", ശരീരത്തെ വാസത്തിനായി ഉപയോഗിക്കുന്നു എങ്കിലും, അതിനും അതീതമായ ആത്മാവാണ് ശരിയായ "ഞാൻ". അങ്ങനെ, "ഞാൻ" "ഞാൻ" "ഞാൻ" എന്ന് അനേകമായി നിലകൊള്ളുന്ന മനുഷ്യരിലെ അഹന്ത ഇല്ലാതാകുന്നതാണ്. ഇല്ലാതാക്കാവുന്നതാണ്. അതു വെടിയേണ്ടതാണ്. അതിനുള്ള ശ്രമം നമ്മിൽനിന്നും ഉണ്ടാകണം. അങ്ങനെ അഹന്തയെ വെടിഞ്ഞില്ല എങ്കിൽ "ഞാൻ പരബ്രഷമാണ്" എന്ന വളരെ വലിയ അഹന്തതന്നെ മനുഷ്യനെ ബാധിച്ചെന്നു വരാം. അതിനെയെല്ലാം അതിജീവിച്ചാണു ജീവാത്മാക്കൾ "ബ്രഹ്മനിഷ്ട" നേടുക. ആയതിലേക്ക് സർവത്ര പ്രകാശമാനമായ ജ്ഞാനം ലഭിക്കണം. ആ ജ്ഞാനത്തിൽ നിന്നും അന്യമായി യാതൊന്നും തന്നെ ഇല്ല. പ്രകാശിക്കാത്തവയെല്ലാം അസത്താണ്.

**Official News Letter of the**
**Sree Narayana Association Of North America**

**Editorial Committee**
Gopinatha Panicker, Prasannan Gangadharan, Suresh Babu Chirakuzhi
Sajeev Chennattu, Biju P Gopal, Sunil Kumar Krishnan
**Youth Forum**
Arun Sivan, Abhilash Jayachandran

വിദ്യ കൊണ്ട് പ്രബുദ്ധരാകുവിൻ .സംഘടന കൊണ്ട് ശക്തരാകുവിൻ

**Web: www.snaofna.org**

Sree Narayana Association of North America, 417 Hempstead avenue, West Hempstead, New York, 11552, USA

# 'വലിയൊരഹന്ത വരാവരം തരേണം'

## വാസുദേവ് പുളിക്കൽ

ഒരു ജനതയുടെ വിശ്വാസം, വിചാരധാര, പെരുമാറ്റശൈലി ഇവയെല്ലാം അവരുടെ സംസ്കാരത്തോടും സംസ്കാരത്തിന്റെ അന്തർധാരയായ നൈതികതയോടും ബന്ധപ്പെട്ടു കിടക്കുന്നു. ജനങ്ങളെ സസ്കാര സമ്പന്നരാക്കി അവരിൽ സഹജീവികളോടുള്ള അനുകമ്പയും സഹാനുഭൂതിയും വളർത്തുക, ത്യാഗമനോഭാവം ജനിപ്പിക്കുക എന്നിങ്ങനെ എല്ലാവരേയും നല്ലവരാക്കാനുള്ള നിരവധി പാഠങ്ങൾ ഗുരു നൽകിയിട്ടുണ്ട്. മനസ്സിൽ അഹങ്കാരം കുമിഞ്ഞു കൂടുമ്പോഴാണ് മനുഷ്യൻ സംസ്കാരത്തിൽ നിന്ന് അകന്നു പോകുന്നത്. മുഖകാന്തിയും ശരീരവടിവും കണ്ട്, പഞ്ചഭൂത നിർമ്മിതമായ ശരീരം പൊലിഞ്ഞു പോകുന്നതാണെന്ന് മനസ്സിലാക്കാതെ സ്വന്തം ദേഹാഭിമാനത്തിൽ നിന്നുണ്ടാകുന്ന അഹങ്കാരം, ശരീരത്തിന് ചേതന നൽകുന്ന ശുദ്ധമായ ചൈതന്യമാണ് നമ്മുടെ യഥാർത്ഥ സ്വരൂപം എന്ന ആത്മബോധത്തിൽ നിന്ന് താൻ ജ്ഞാനിയാണ് എന്ന ഭാവത്തിൽ നിന്നുണ്ടാകുന്ന അഹങ്കാരം. ഈ അഹങ്കാരങ്ങളിൽ നിന്ന് വിമുക്തരായാൽ മാത്രമേ നമുക്ക് ഈശ്വരൈക്യം സാധ്യമാവുകയുള്ളു. ആത്മാവിൽ എല്ലാം ഏകം, എല്ലാം അന്തർഗതം എന്ന് മനസ്സിലാക്കുമ്പോൾ മാത്രമേ അഹന്തക്ക് ഉള്ളിലിടമില്ലാതാവുകയുള്ളു. അപ്പൊഴെ നമുക്ക് സംസ്കാര സമ്പന്നരായി എന്ന് അവകാശപ്പെടാൻ നിവൃത്തിയുള്ളു. വ്യക്തി ജീവിതത്തിലായാലും സാമൂഹ്യ ജീവിതത്തിലായാലും അഹന്ത വിട്ടു പോകുന്നില്ലെങ്കിൽ അത് വലിയ ആപത്തായിത്തീരും. അതുകൊണ്ട്

പൊലിയുമിതന്യ പൊലിഞ്ഞു പൂർണ്ണമാകും
വലിയൊരഹന്ത വരാവരം തരേണം

എന്ന് നമ്മൾ ദൈവത്തോട് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കണം എന്ന് ഗുരു പറഞ്ഞു തരുന്നു.

ശരീരത്തിൽ ജീവൻ നിലനിൽക്കുമ്പോൾ എന്തെല്ലാം പ്രത്യാശകളാണ്, എന്തെല്ലാം സ്വപ്നങ്ങളാണ് മസ്തിഷ്ക്കത്തിലൂടെ കടന്നു പോകുന്നത്. നമ്മുടെ മസ്തിഷ്കവും കോമള ദന്തങ്ങളും മനോഹരമായ പുഞ്ചിരിയും ആകാര സൗഷ്ടവവും എല്ലാം ഗുരുവിന്റെ ഭാഷയിൽ അന്യയാണ്. അവയെല്ലാം നശിച്ചു പോകും. 'പൊലിയുമിതന്യ' എന്നാണ് ഗുരു പറയുന്നത്. എന്നാൽ നശിച്ചു പോകാതെ പൂർണ്ണമാകുന്ന ഒന്നുണ്ട്. ഉള്ളിൽ തോന്നുന്ന ഞാൻ എന്ന ബോധത്തിന് വേണ്ടി രീതിയിലുള്ള വികാസമുണ്ടായാൽ അഖിലവും ഞാൻ എന്ന താദാത്മ്യത്തിൽ എത്തിച്ചേരും. അതിന് ഞാൻ എന്ന ഭാവം ഇല്ലാതാകണം.

ഞാനെന്ന ഭാവമതു തോന്നായ്ക വേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്ന വഴി തോന്നേണമേ

എനന് എഴുത്തച്ചൻ ഹരിനാമകീർത്തനത്തിൽ കുറിച്ചിട്ടിരിക്കുന്നത് ജനങ്ങളിൽ ആത്മബോധം വർദ്ധിപ്പിക്കാൻ സഹായകമാകുന്നു. ഈ ആത്മോബധത്തന്റെ പാരമ്യത്തിൽ അഹം ബ്രഹ്മാസ്മി എന്ന ആത്മാനുഭൂതി അനുഭവവേദ്യമാകും.

ഭാരതീയ ആത്മീയതയുടെ ഹൃദയസ്പർസിയായ മന്ത്രം ഗുരുദേവ ദർശനങ്ങളിലുണ്ട്. ശങ്കരന്റെ അദ്വൈതം നമുക്ക് സമ്മതാണ് എന്നു പറഞ്ഞതുകൊണ്ട് ഗുരു ശങ്കരാചാര്യരുടെ മലയാളപ്പതിപ്പാണ് എന്നു ധരിക്കുന്നവർ ഗുരുദേവ കൃതികൾ വായിച്ച് ഗുരു അവതരിപ്പിച്ചിട്ടുള്ള സ്നേഹത്തിൽ ചാലിച്ചെടുത്ത നവീന അദ്വൈതം എന്തെന്ന് മനസ്സിലാക്കിയവരല്ല എന്ന് സ്പഷ്ടമാണ്. ദർശനമാല, ആത്മോപദേശശതകം, അദ്വൈതദീപിക, അറിവ് മുതാലായ കൃതികൾ ഗുരുവിന്റെ ദർശനത്തിന്റെ ആഴവും പരപ്പും വെളിപ്പെടുത്തുന്നവയാണ്. ആത്മോപദേശശതകം ആധുനിക സമൂഹത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും പരമമായ സത്യം വെളിപ്പെടുത്തുകയും ചെയ്യുന്ന ഉപനിഷത്താണ്. സത്യം തന്നെയാണ് സ്നേഹം. എവിടെ സ്നേഹമുണ്ടോ അവിടെ നന്മയുണ്ട്. സ്നേഹമാണ് ഏകതയുടെ രഹസ്യം. സ്നേഹം ആനന്ദമുളവാക്കുന്നു. നാം പരമമായ സത്യവും ആനന്ദവുമാണെന്ന ചിന്തയിൽ എപ്പോഴും മുഴുകി ജീവിക്കാൻ ഇടവരണം.

ജ്ഞാനോദയം ഉണ്ടായവരാണ് ഗുരുക്കന്മാർ. അവർ മൊഴിയുന്നത് അമൃതവാണികളാണ്. നമ്മൾ ഗുരുവചനങ്ങൾക്ക് കാതോർക്കണം. സംഘടനകൊണ്ട് ശക്തരാവുക എന്നു പറഞ്ഞാൻ അംഗസംഖ്യാവർദ്ധനവു മാത്രമല്ല ഉദ്ദേശിക്കുന്നത്. സംഘടനയുടെ മാന്യതയും കൂടിയാണ്. സംഘടനയുടെ അന്തസ്സിന് കോട്ടം തട്ടുമ്പോൾ ഇടിഞ്ഞു വീഴുന്നത് അംഗങ്ങളുടെ അഭിമാനവും കൂടിയാണ്.

അഹമഹമെന്നരുളുന്നതൊക്കെയാരാ-
യുകിലകമേ പലതല്ലേതകമാം.

എന്ന ഏകത്വ ചിന്തയിലൂടെ വിവേചനപരമായ മനോഭാവത്തിൽ നിന്ന് മോചനം നേടാനുള്ള ഏകലോക മാനവികതയുടെ സന്ദേശം നൽകുന്ന നാരായണഗുരു ലോകഗുരുവാണ്, വിശ്വജനീനതയുടെ മൂർത്തീഭാവമാണ്. അങ്ങനെയുള്ള ഗുരുവിന്റെ അനുയായികളുടെ വാക്കിലും പ്രവൃത്തിയിലും ഗുരു പകർന്നു തന്ന ദർശനത്തിന്റെ പരിസ്ഫുരണമുണ്ടാകണം. സംഘടനയിലേക്ക് വരുന്നവർ അതിഥികളായാലും അല്ലെങ്കിലും അവരുടെ മനസ്സിനെ കീറിമുറിക്കുന്ന പ്രവൃത്തിയും വാക്കും സംഘടനയുടെ പേരിനും പെരുമക്കും ചേർന്നതല്ല. സൗമ്യമായി പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട സ്ഥാനത്ത് പരുഷമായ വാക്കും പ്രവൃത്തിയും ഉണ്ടാകുന്നത് അഹന്ത മൂലമാണ്. അതുകൊണ്ടാണ് മനസ്സിൽ വലിയ അഹന്ത ഉണ്ടാകാതിരിക്കാൻ വരം തരണം എന്ന് നിരന്തരം ഈശ്വരനോട് പ്രാർത്ഥിക്കേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കേണ്ടത്.

# 161st Sree Narayana Gurudeva Jayanthi and The 36th Anniversary of Sree Narayana Association of North America August 30th 2015







































## Upcoming Events

**Sree Narayana Gurudevan's 88th Samadhi** will be observed with prayer on **September 21st Monday 6:00pm at Vaishnava Temple, 100 Lakeville Road, New Hyderpark, NY 11040.** All members are requested to participate.

Family sponsored prayer of this month, will be conduced by **Mrs & Mr. Shyju Sukumaran at their residence,263 cornwell ave, Williston park 11596** on **Saturday, September 26th at 5:00pm**. Mr. Shyju Sukumaran's contact number is 516-750-5380, Cell #. 516-424-4436

ONE IN KIND ONE IN FAITH ONE IN GOD IS HUMAN

**Sree Narayana Association of North America,**
**417 Hempstead Avenue,**
**West Hempstead, New York, 11552, USA**

To,